# 'സൂസന്ന'യെ വായിക്കുമ്പോൾ

**കെ. ജെ. ജോണി**

സൂസന്ന എന്ന നാടൻ പെൺകുട്ടി എഴുപതുകളിലാദ്യം കേരളത്തിന്റെ ഭൂമിയിൽ കതിർന്നൊലിച്ച ലോകം കാണുകയാണ്. ഒരു സാധാരണ പെൺകുട്ടിയല്ല തന്റെ സ്വന്തം ശരീരത്തെക്കുറിച്ച് ബോധ്യമുള്ള സ്ത്രീയാണവൾ. അക്കാലത്ത് ബി.എ. വരെ പഠിച്ചിട്ടുണ്ട്. കത്തോലിക്കാ മതവിശ്വാസത്തിന്റെ താങ്ങും തണലുമല്ല സ്വാതന്ത്ര്യത്തിന്റെ ചൂട്ടും കാറ്റുമാണ് സൂസന്ന കൊണ്ടിട്ടുള്ളത്. എന്നിട്ടും ഒരു 'വെപ്പാട്ടി'യായി തീർന്നവെന്നുള്ളതാണ് സൂസന്നയുടെ ജീവിതവും കാലവും ദേശവും അവളുടെ ഓരോ ചലനങ്ങളും നീക്കങ്ങളും കേരളീയ സാമൂഹ്യജീവിതത്തിൽ ദൃശ്യപരമായ പുതിയ ചിന്തകളുയർത്തിയിട്ടുണ്ട്. ഈ ചിന്തകളുടെ ഫലമായി എഴുതപ്പെട്ട ലേഖനങ്ങളാണ് 'സൂസന്നകറുപ്പും വെളുപ്പും' എന്ന പുസ്തകം.

നമ്മുടെ വ്യവസ്ഥാപികത സന്മാർഗ്ഗസദാചാരബോധത്തിന് ഏല്പിക്കുന്ന പ്രഹരമാണ് ഈ സിനിമ. അതാവാം കേരളത്തിൽ ഇത്രയധികം ചർച്ച ചെയ്യപ്പെടാൻ കാരണം. പ്രമേയം കൊണ്ട് പോസിറ്റീവായ ഈ സിനിമയുടെ ദൃശ്യ പരമായ വീഴ്ചകൾ ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ കാര്യമായി പരാമർശിക്കപ്പെടുന്നില്ല.

ഒരു സാക്ഷരതാ സമൂഹമെന്ന ഖ്യാതിയുള്ള മലയാളി ബോധമെന്നത്. പത്രമാസികകളുടെ വായനാശീലവും തെരുവു പ്രസംഗകന്റെ വാഗ്ധോരണിയും കൂടികലർന്ന ഒരു മിശ്രണഭാഷയാണ്. ദൃശ്യത്തെ അപ്രസക്തമാക്കുന്ന വിധമാണ് നമ്മുടെ എല്ലാം സിനിമകളും അടുക്കളയിലും അങ്ങാടിയിലും ഒരേ സമയം വിസർജ്ജിക്കുന്ന ഒരു മിശ്രഭാഷയാണത്. നമ്മുടെ സിനിമകളും, സിനിമാ പാഠനങ്ങളും സിനിമയുടെ ഭാഷയിലൂടെ നിരൂപണം ചെയ്യുക അസാദ്ധ്യമെന്ന് ലേഖനങ്ങളിലെ സാഹിത്യം തെളിയിക്കുന്നു. മലയാളി പ്രേക്ഷകന്റെ അക്ഷരബോധത്തെ സൂസന്നയുടെ ദൃശ്യങ്ങളും വികാരവിചാരങ്ങളും അപ്രസക്തമാക്കുന്നുണ്ട്. നമ്മുടെ കൊളോണിയൻ സൗഭാഗ്യങ്ങളുടെ ദൃശ്യപൊലിമക്കകത്ത് സൂസന്ന പുതിയ ഭാഷ സൃഷ്ടിക്കുന്നത് തിരിച്ചറിയാൻ കഴിയാതെ പോകുന്നു. നമ്മുടെ പഴയ കാഴ്ചയുടെ വേരുകളിലാണ് ഇവരില്ലാം കോലെഴുത്തിന്റെ പാരമ്പര്യത്തിൽ ചിന്തിക്കുന്ന കാണാൻ കഴിയുന്നന്ന രീതിയിൽ നമ്മുടെ ദൃശ്യബോധം അധഃമമാക്കപ്പെട്ടിരിക്കുന്നു.

**പുസ്തകപരിചയം**




**സൂസന്ന കറുപ്പും വെളുപ്പും**

**കവിതാസംഗമം മാസികയുടെ രണ്ടാം വാർഷിക പതിപ്പായ ഈ പുസ്തകം ടി. വി. ചന്ദ്രന്റെ സിനിമയായ സൂസന്നയുടെ ആസ്വാദന വിമർശന ലേഖനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പുസ്തകം എഡിറ്റ് ചെയ്തിരിക്കുന്നത് കെ. മുരളീധരനാണ്. വില : 50 രൂപ**

കേരളത്തിലെ സിവിൽ സമൂഹം എങ്ങനെയാണ് സ്ത്രീകളെ നോക്കികാണുന്നത് എന്നത് ഈ സിനിമ പരിശോധിക്കപ്പെടുന്നുണ്ട്. നമ്മുടെ കുടുംബത്തിന്റെ അധികാരകേന്ദ്രം. ഘടന, ദൃശ്യങ്ങൾ ബന്ധങ്ങൾ ഇവയൊക്കെ സൂസന്ന പൊളിക്കുന്നുണ്ട്.

സെക്സ് എന്ന ഒരൊറ്റ പ്രശ്നത്തിലൂന്നി തന്നെ നമ്മുടെ ചില പ്രശ്നത്തിലൂന്നിതന്നെ നമ്മുടെ ചില വിശ്വാസങ്ങൾ, സുരക്ഷിതത്വങ്ങൾ, ഇത് ചോദ്യം ചെയ്യുന്നു. സങ്കീർണ്ണകളും ദുരന്തങ്ങളും ഒരേ സമയമുള്ള നമ്മുടെ സമൂഹത്തിലെ സ്ത്രീയുടെ സദാചാര പ്രശ്നം ഒരു പുരുഷ കാഴ്ചപ്പാടിലൂടെയാണ് അവതരിപ്പിക്കുന്നതെന്ന സി.എസ്. ചന്ദ്രികയുടേയും ഗീതയുടേയും വാദങ്ങൾ അപ്രസക്തമാണ്.

സൂസന്നയിലെ സ്ത്രീയ്ക്ക് വ്യത്യസ്തഭാവങ്ങളുണ്ട് . ഒരു ഭാവം അവൾ ലോകത്തിലെ എല്ലാ പുരുഷന്മാരും വിടന്മാരെന്ന് പ്രഖ്യാപിക്കുന്നുണ്ട് എന്നത് ശരിതന്നെ. സൂസന്നയുടെ ജീവിതത്തിലേക്ക് കടന്ന വന്ന എല്ലാ പുരുഷന്മാരേയും ആനന്ദിപ്പിക്കുന്ന അവൾ ശരീരവും മനസ്സും ഒന്നാകുന്ന ഒരു പ്രത്യേക നിമിഷങ്ങൾ അവൾ എല്ലാവർക്കും സമ്മാനിക്കുന്നു. സ്നേഹത്തിനു വേണ്ടി ദാഹിക്കുന്ന കാമം ശമിക്കാത്ത ശരീരങ്ങൾ അവൾക്ക് ബാധ്യതയാകുന്നതേയില്ല.

കുടുംബവ്യവസ്ഥ നിലനിർത്തുകയും അതിലൂടെ ഭാവിരൂപങ്ങൾ കാണുകയും ചെയ്യുന്ന ഒരു വിശ്വാസ സമൂഹത്തിനകത്ത് അവയവങ്ങളുടെ സൗന്ദര്യശാസ്ത്രം മനസ്സിന്റെ സമനിലയാണ്. വേറൊരു തരത്തിൽ ഈ സിനിമയും സിനിമയെക്കുറിച്ചുള്ള പുസ്തകവും അപ്രസക്തമാണെന്ന് നമുക്ക് വാദിക്കാം. അത്തരം വ്യക്തികളെ ചോദ്യം ചെയ്യുന്നതിൽ അർത്ഥമില്ല.